ഉത്തരം

(എ) നെടുവത്തൂർ നിയോജക മണ്ഡലത്തിലെ പവിത്രേശ്വരം പഞ്ചായത്തിൽ ഹോമിയോ ആയുർവേദ ഡിസ്പെൻസറികളും, വെളിയം, എഴുകോൺ, കരിപ്ര എന്നീ മൂന്ന് പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികളും നിലവിലുണ്ട്.

(ബി) ബന്ധപ്പെട്ട പഞ്ചായത്തിന്റെ ആവശ്യകത പരിഗണിച്ചും ധനലഭ്യത അനുസരിച്ചും മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി

219 (221) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര ആയുർവേദ ഡിസ്പെൻസറികളും എത്ര ഹോമിയോ ഡിസ്പെൻസറികളും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) വർക്കല നിയോജകമണ്ഡലത്തിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ഈ രണ്ട് സ്ഥാപനങ്ങളും ഇല്ലാത്ത സ്ഥിതിക്ക് ഇവയിലേതെങ്കിലും ഒന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നൽകുമോ ;

(സി) മത്സ്യത്തൊഴിലാളി മേഖലയായ വെട്ടൂർ പഞ്ചായത്തിൽ ആവശ്യമായ വൈദ്യസഹായം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തിരമായി വെട്ടൂർ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുവാൻ അനുവാദം നൽകുമോ ;

(ഡി) തിരുവനന്തപുരം ജില്ലാ ആയുർവേദ ആശുപത്രിയായ വർക്കലയിൽ പഞ്ചകർമ്മ ചികിത്സാ പദ്ധതി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഇ) വർക്കല ഗവൺമെന്റ് ആശുപത്രിയിലെ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഈ സാമ്പത്തിക വർഷം ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഇതുവരെ തീരുമാനം ആയിട്ടില്ല.

(ഡി) അടയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly